**File No.TCPCTP/399/2019-C2**

**<u>മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം</u>**
**<u>തിരുവനന്തപുരം</u>**

വിഷയം:- നഗരഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - തൃശ്ശൂർ ജില്ല - കയ്പമംഗലം ഗ്രാമപഞ്ചായത്ത് കയ്പമംഗലം വില്ലേജ് പെട്രോൾപമ്പ് നിർമ്മാണം ലേ- ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. കയ്പമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 04/02/2019 ലെ എ 2- 7677/18 നമ്പർ കത്ത്.

2. തൃശ്ശൂർ ടൗൺ പ്ലാനറുടെ 12/02/2019- ലെ സി1/392/2019 കെ.ഡിസ്. നമ്പർ കത്ത്.

---

**കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം**

ഉത്തരവ്. നം. **TCP CTP/399/2019-C2** തീയതി:**15/03/2019**

---

തൃശ്ശൂർ ജില്ലയിലെ കയ്പമംഗലം ഗ്രാമപഞ്ചായത്ത് കയ്പമംഗലം വില്ലേജിൽ സർവ്വേ നമ്പർ 82/2C- ൽ പ്പെട്ട 1416 ച.മീ. സ്ഥലത്ത് പെട്രോൾ പമ്പ് നിർമ്മിക്കുന്നതിനുള്ള ലേ- ഔട്ട് അംഗീകാരത്തിനാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ. സുരേഷ് മുതൽപേർ, തറയിൽ വീട്, കുളിമുട്ടം. പി.ഒ., തൃശ്ശൂർ - 680691 - എന്നിവരുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ -ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

1. താഴെ പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃത ഏജൻസികളുടെ അനുമതി/എൻ.ഒ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പ് വരുത്തിയശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി/ഒക്കുപെൻസി നൽകുവാൻ പാടുള്ളൂ.
2. കെ.പി.ബി.ആർ. 2011 ലെ ചട്ടം 11 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വെ നമ്പർ, അതിരുകൾ, അളവുകൾ അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം.
3. നിർമ്മാണം കെ.പി.ബി.ആർ. 2011 -നും, അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
4. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം.
5. കട്ടിംഗ്/ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ.ഒ.സി വാങ്ങിയിരിക്കണം.

6. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന/നിർമ്മാണ പ്രവർത്തനങ്ങൾ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം., അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവ ബാധകമാകുന്ന പക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം.
7. കെ.പി.ബി.ആർ 2011 61 (6) പ്രകാരം ഫയർ ഫോഴ്സ് ഡയറക്ടറുടെയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെയോ അംഗീകാരം ലഭ്യമാക്കിയിരിക്കണം.
8. കെ.പി.ബി.ആർ 2011 61 (7) പ്രകാരം Fire Protection measures നൽകിയിരിക്കണം.
9. കെ.പി.ബി.ആർ 2011 61 (9) പ്രകാരം ജില്ലാ കലക്ടറുടെ അനുമതി ലഭ്യമാക്കേണ്ടതാണ്.
10. കെ.പി.ബി.ആർ ചട്ടം 61 (10) പ്രകാരം പെട്രോൾ ടാങ്കിന്റെയും വെന്റ് പൈപ്പിന് സ്ഥാനവും നിർമ്മാണവും 1976 ലെ പെട്രോളിയം ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുശാസിക്കും പ്രകാരമായിരിക്കേണ്ടതാണ്.
11. കെ.പി.ബി.ആർ ചട്ടം 61 (16), 61 (17) പ്രകാരം ഖര-ദ്രവ മാലിന്യ സംസ്കരണത്തിനും മലിനജലത്തിന്റെ ശുദ്ധീകരണം വഴിയുള്ള പുനരുപയോഗത്തിനുമുള്ള പ്രത്യേക സംവിധാനങ്ങൾ എന്നിവ പ്ലാനിൽ കാണിച്ചിട്ടുള്ളത് സജ്ജീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

**<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ 19/2019 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.</u>**

ഉത്തരവിൻ പ്രകാരം

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

(ഒപ്പ്)
പി.ആർ. ജയശ്രീ,
ടൗൺ പ്ലാനർ

സെക്രട്ടറി,
കയ്പമംഗലം ഗ്രാമപഞ്ചായത്ത്

പകർപ്പ്:-

1. ശ്രീ. സുരേഷ് മുതൽപേർ, തറയിൽ വീട്, കുളിമുട്ടം. പി.ഒ., തൃശ്ശൂർ - 680691
2. ടൗൺ പ്ലാനർ, തൃശ്ശൂർ
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം